വെള്ളുവമ്പ്രം-ചുങ്കത്തറ റോഡിന്റെ പൂർത്തിയാകാത്ത പണി

63 [5714] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് റകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഭാഗമായി റബ്ബറൈസ് ചെയ്ത വെള്ളുവമ്പ്രം-ചുങ്കത്തറ റോഡിന്റെ പണി പല സമയത്തും പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് ഉയർത്തിയതനുസരിച്ച് റോഡിൽ ഇരുവശവും നിക്ഷേപിച്ച മണ്ണ് മഴക്കാലമായതോടെ ഇളകിപ്പോയതിനാൽ മഞ്ചേരി ഉൾപ്പെടെയുള്ള ടൗണിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മണ്ണിട്ട് ഉയർത്തുന്നതിന് പകരം മറ്റെന്തെങ്കിലും മാർഗ്ഗം ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാലവർഷത്തെത്തുടർന്ന് ഈ റോഡിന്റെ പണികൾ പൂർത്തിയാക്കുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ട്.

(ബി, സി) അനുകൂല കാലാവസ്ഥ പ്രയോജനപ്പെടുത്തി റോഡുപണി പുനരാരംഭിക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എൻ. എച്ച്. 213-ൽ ഓടകളുടെ അഭാവം

64 [5715] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എൻ. എച്ച്. 213-ൽ ഓടകളില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും വീടുകളിലേക്കും മറ്റും ഒഴുകി വരുന്നത് തടയാൻ ഓടകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇപ്പോൾ നിലവിലുള്ള ഓടകൾ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓടകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly